# ഞാൻ എന്റെ പിതാക്കന്മാരുടെ വഴിയെ

**ഡോ. എം. കുര്യൻ തോമസ്**

**മാ**ർ കൂറിലോസ് അപ്രേം കരീം മെത്രാപ്പോലീത്താ അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ കരീം പാത്രിയർക്കീസ് ആയി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മുതൽ അദ്ദേഹത്തിന്റെ പ്രസ്താവനകളും നടപടികളും മലങ്കരയിലെ ഐക്യപ്രേമികളെ ഒട്ടൊന്നുമല്ല ആവേശം കൊള്ളിച്ചത്. അദ്ദേഹം 2015 ഫെബ്രുവരിയിൽ കേരളം സന്ദർശിക്കാൻ തീരുമാനിച്ചതോടെ സമാധാനമോഹങ്ങൾ വാനോളമെത്തി. പാത്രിയർക്കീസ് കേരളം സന്ദർശിക്കുന്നത് ഐക്യം യാഥാർത്ഥ്യമാക്കാനാണന്നുവരെ ധരിച്ചുവശായവരുണ്ട്. ഫെബ്രുരി ആദ്യവാരത്തിലെ പാത്രിയർക്കാ സന്ദർശനത്തിന്റെ ആദ്യ പകുതിയിലെ അദ്ദേഹത്തിന്റെ പ്രസ്താവനകൾ ഈ പ്രതീക്ഷ നിലനിർത്തി. പക്ഷേ ഉത്തരാർദ്ധത്തിൽ അദ്ദേഹത്തിന്റേതായി പ്രചരിച്ച പ്രസ്താവനകൾ ഈ പ്രതീക്ഷയെ തല്ലിക്കെടുത്തി. വീണ്ടും, കേരളത്തിലെ *കെട്ടുപാടുകൾ* അവസാനിച്ച് ഡൽഹിയിലെത്തിയപ്പോൾ അപ്രേം ദ്വിതീയൻ നടത്തിയ ഐക്യപ്രസ്താവന, (*മലയാള മനോരമ, ഡൽഹി എഡിഷൻ, 19 ഫെബ്രുവരി 2015*) സാമാധാനകാംക്ഷികളുടെ പ്രതീക്ഷയെ വീണ്ടും ഊതിക്കത്തിച്ചു. നല്ല ഫലത്തിനായി പ്രതീക്ഷിക്കാം.

എന്നാൽ ഈ കുറിപ്പിന്റെ വിഷയം ഇതല്ല. അപ്രേം ദ്വിതീയൻ പാത്രിയർക്കീസിന്റെ സന്ദർശന വിവരം ഔദ്യോഗികമായി അറിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ ഇന്ത്യാ സന്ദർശനം അത്യന്താപേഷിതമായ മലങ്കരസഭാ സമാധാനത്തിന് കളമൊരുക്കുമെന്ന ശുഭാപ്തിവിശ്വാസത്തോടെ ഐക്യത്തിന്റെ ക്രൈസ്തവ അനിവാര്യത ചൂണ്ടിക്കാട്ടി പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ പാത്രിയർക്കീസിന് 2015 ജനുവരി 17-ന് ഒരു കത്തയച്ചു. പരസ്യമാക്കാനുദ്ദേശമില്ലാതിരുന്ന ഈ കത്ത് മാദ്ധ്യമങ്ങൾക്കു *ചോർന്നു കിട്ടിയതിനു* പിമ്പിലെ കറുത്ത കൈകളേപ്പറ്റി ഇന്ന് ജനത്തിന് സാമാന്യജ്ഞാനമുണ്ട്.

പക്ഷേ തമ്മിൽത്തല്ലി ഇറ്റുവീഴുന്ന ചോരകുടിക്കാൻ കാത്തിരിക്കുന്നവരുടെ കണക്കുകൂട്ടൽ തെറ്റിച്ചു കൊണ്ട് ഭൂരിപക്ഷസമൂഹം പ. കാതോലിക്കാ ബാവായുടെ ഐക്യ ശ്രമത്തോടുള്ള അനുകൂല നിലപാടിനെ സ്വാഗതം ചെയ്തു. എങ്കിലും ഒരു അതിന്യൂനപക്ഷം പ. പിതാവ് ഇത്തരമൊരു കത്തയച്ചതിനെ വിമർശിച്ചു. മറ്റൊന്നും പറയാനില്ലാത്തതിനാൽ അദ്ദേഹത്തിന്റെ സ്ഥാനമാഹാത്മ്യത്തിന് ഈ കത്തു മുലം കോട്ടംതട്ടി എന്ന വിചിത്രമായ കാരണമാണ് ഈ വിമർശനത്തെ സാധൂകരിക്കാൻ ഇവർ ഉയർത്തി കാട്ടുന്നത്.

വാചകങ്ങളോ വാക്യഘടനയോ അല്ല ഇവിടെ പ്രശ്നം. അത് മാദ്ധ്യമങ്ങൾ പ്രസിദ്ധീകരിച്ച കത്തിൽനിന്നും ആർക്കും മനസിലാക്കാം. ചുവന്ന മഷിയിലുള്ള മേലെഴത്തും പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനവും ഒക്കയുള്ള കത്തിനെപ്പറ്റി അത്തരം കുറ്റമൊന്നും പറയാനാവില്ല. അഥവാ, നാലു പതിറ്റാണ്ടായി തുടരുന്ന ഒരു പൈശാചിക സമരം ശാശ്വതമായി അവസാനിപ്പിയ്ക്കാൻ പ. പിതാവ് ഒരു കാൽ പിന്നോക്കം കുത്തിയാൽപോലും അതിലന്താണു തെറ്റ്? കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ *...സമാധാനം വരുത്തുന്നവർ ഭാഗ്യവാന്മാർ - അവർ ദൈവമക്കളെന്നു വിളിക്കപ്പെടും...* (മത്താ. 5. 9 പ്ശീത്താ) എന്നാണ് പറഞ്ഞത്. അതിനെ ത്യജിച്ച് അത്യുന്നത മഹാപുരോഹിതൻ തല്ലാനും കൊല്ലാനുമാണോ ആഹ്വാനം ചെയ്യേണ്ടത്? അങ്ങിനെ ചെയ്യുന്നവർ കാണും. പക്ഷേ അവർ യഥാർത്ഥ മഹാപുരോഹിതരല്ല. അങ്ങിനെ ഭാവിക്കുന്നവർ മാത്രമാണ്. എന്നാൽ പ. പൗലൂസ് ദ്വിതീയൻ ദൈവത്തിന്റെ അത്യുന്നത മഹാപുരോഹിതനാണ്. അദ്ദേഹത്തിന് ആ സ്ഥാനത്തിരുന്ന് സമാധാനമല്ലാതെ *വാൾ* ഘോഷിക്കുവാൻ സാദ്ധ്യമല്ല. പ. പിതാവിന്റെ മഹത്വവും സ്ഥാനമഹിമയുമാണ് ഇത്തരമൊരു കത്തെഴുതുവാൻ അദ്ദേഹത്തെ ധൈര്യപ്പെടുത്തിയത് എന്നതാണ് യാഥാർത്ഥ്യം.

ചരിത്രത്തിലേയ്ക്കു കൂപ്പുകുത്തിയാൽ മലങ്കരയുടെ മഹാചാര്യൻ ഇത്തരത്തിൽ ഒരു നടപടി സ്വീകരിച്ചതിൽ പുതുമയൊന്നുമില്ലന്നു വ്യക്തമാകും. പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ പ. പിതാവിന് അതേ സിംഹാസനസ്ഥരായിരുന്ന പൗരസ്ത്യ കാതോലിക്കാമാരും മലങ്കര മെത്രാപ്പോലീത്താമാരും ഗമിച്ച പാതകളിലൂടെ മാത്രമേ നടക്കാനാവു. അതിനാണ് അദ്ദേഹത്തെ അപ്പോസ്ഥാലിക പിന്തുടർച്ചയുടെ *തളിർത്ത വടി* പിടിപ്പിച്ചിരിക്കുന്നത്. മലങ്കരസഭയുടെ ഐക്യം നിലനിർത്താൻ *ഭൂമിയോളം താണുവീണ* ചരിത്രമാണ് മുൻഗാമികൾക്കുള്ളത്. ഏതാനും ഉദാഹരണങ്ങൾ മാത്രം ഇവിടെ

ചൂണ്ടിക്കാട്ടാം.

മലങ്കരമെത്രാന്മാരിൽ ഏറ്റവും ശക്തനും ദീർഘവിക്ഷണമുള്ള വ്യക്തിയുമായിരുന്നു വലിയ മാർ ദീവന്നാസ്യോസ് എന്ന മാർത്തോമ്മാ ആറാമൻ. മുൻഗാമിയായ മാർത്തോമ്മാ അഞ്ചാമന്റെ കാലത്ത് അന്ത്യോഖ്യയുടെ ഗീവർഗീസ് ത്രിതീയൻ പാത്രിയർക്കീസ്, മഫ്രിയാനാ മുതൽ ശെമ്മാശൻ വരെയുള്ള വൈദീക സ്ഥാനികളുടെ ഒരു പൂർണ്ണസേനയെ അയച്ച് ആരംഭിച്ച മലങ്കര അധിനിവേശയുദ്ധം കൊടുമ്പിരികൊണ്ടു നിൽക്കുമ്പോഴാണ് മാർത്തോമ്മാ ആറാമൻ സ്ഥാനമേൽക്കുന്നത്. അദ്ദേഹം സ്ഥാനമേറ്റ പിറകെ ചെയ്ത സംഗതികൾ സമകാലിക രേഖയായ *നിരണം ഗ്രന്ഥവരി* വിവരിക്കുന്നത് ...*പരരാജ്യക്കാരുമായിട്ടുള്ള പിണക്കത്തിന, നമ്മിലുള്ള ആളുകൾതന്നെ ശത്രുതയായിട്ടു തുടങ്ങിയിരിക്കയാൽ, ദ്രവ്യവും ആളാണ്മയും ഉള്ളവരാകകൊണ്ടു അവരെ ജയിച്ചു ഇസ്ഥാനം നിലനിർത്തിക്കൊള്ളുവാൻ പരാദീനമെന്നും, അങ്ങും ഇങ്ങും രണ്ട യജമാനന്മാർ കഴിവോളും നിരപ്പിനു സംഗതി വന്നില്ലെന്നും, പുത്തൻകുറ്റുംപിറത്തുള്ള ആളുകൾതന്നെ രണ്ടുപകുതി ആയിട്ടുനിന്ന തമ്പുരാന്റെ മാർഗ്ഗത്തോടു മറുത്തു സിദ്ധാന്തമായിട്ടു നടപ്പാകകൊണ്ടും, പള്ളികളിലൊക്കെയും പല മര്യാദയും, മറുകൂറ്റുകാരുടെ പരിഹാസവും, ഇങ്ങനെ ആകയാൽ മാർഗ്ഗത്തിന് അഴിവു വരുമെന്നും ബോധജ്ഞാനപ്പെട്ട, അശ്ചൻ* (മാർത്തോമ്മാ ആറാമൻ) *നിശ്ചയിച്ച. ഏതുപ്രകാരമെങ്കിലും നിരപ്പായിട്ടു നടക്കണമെന്നും, തമ്പുരാനിൽ ശരണപ്പെട്ട നിരൂപണ ഉറെച്ചു, സ്വഭാവക്കേടുള്ള ആളുകളെ നീക്കി, മാറിവാനിയോസ് അപ്പസ്ക്കോപ്പാ കല്ലിശേരി വന്നപ്പോൾ ചെങ്ങന്നൂനിന്നും കല്ലിച്ചേരി ചെന്നു. തമ്മിൽ കണ്ടുപറഞ്ഞ, ശത്രുക്കളുടെ വാക്കുകൾ രണ്ടു കൂട്ടക്കാരും നീക്കി ഏകോൽഭവിച്ചു. ...* എന്നാണ്.

പിന്നീട് ആധുനിക മലങ്കര സഭയക്ക് ആത്മീയവും ലൗകീകവുമായ അടിത്തറയിട്ട പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമനും ഈ പാത പിന്തുടർന്നു. 1873-ൽ താൻ വിളിച്ചുചേർത്ത പരുമല സുന്നഹദോസിലെ ഒന്നാം നിശ്ചയംതന്നെ ... *സർക്കാരിലെ അധികാരത്തൊടുകൂടെ, ഠരം സഭയിൽ ഏതാനും പള്ളികളെ ഇപ്പൊൾ ഭരിച്ചു വരുന്ന മെത്രാപൌലീത്തായുടെപെരിൽ അനെക തെറ്റുകൾ ഉണ്ടന്നും,...ആ ദെഹത്തിന്നു പകരം പാത്രിയർക്കീസു ബാവായാൽ നിയമിയ്ക്കപെട്ടിരിയ്ക്കുന്ന മെത്രാപൌലീത്തായെ നമ്മുടെ മെത്രാപൌലീത്താആയി സ്വീകരിയ്ക്കെണ്ടത ന്യായമെന്നുകാണുന്ന സ്തിതിയ്ക്കു, യൊഹക്കാററു ഒരാളെ ത്യജിയ്ക്കയും മറ്റൊരാളെ സ്വീകരിയ്ക്കയും ചെയ്യുന്നതിന്നുമുമ്പിൽ, അങ്ങിനെ ഉടനടി ചെയ്യുന്നപക്ഷം, ഇപ്പൊൾ ഉള്ളതിലും വല്ല്യകലഹങ്ങൾക്കും, അധികമായ അകൽച്ചകൾക്കും ഇടവരുമെന്ന ഉഹിയ്ക്കപ്പെടാകുന്നതാകകൊണ്ട, അങ്ങനെ വരാതിരിപ്പാൻവെണ്ടി, ഭിന്നിയ്ക്കപെട്ടിരിയ്ക്കുന്ന മെത്രാമ്മാരെയും, അവരുടെ പക്ഷക്കാരെയും, തമ്മിൽ യൊജിപ്പിയ്ക്കെണ്ടതിന്നു കഴിവുണ്ടൊഎന്നും, അല്പംകൂടെ താമസിയ്ക്കെണ്ടത യുക്തമല്ലയൊഎന്നും, ആലൊചിയ്ക്കെണ്ടത ന്യായമല്ലയൊഎന്നും തൊന്നുന്നു. ...* എന്നാണ്.  അതു മാത്രമല്ല, ... *ഠരം യൊഗം നിശ്ചയിയ്ക്കപെടുന്നവയെ സമ്മതിപ്പാനും മനസുണ്ടൊഎന്ന അറിവാൻവെണ്ടി, ഒരു ഡെപ്പ്യുറ്റെഷ്യൻ അത്തനാസിയൊസ മെത്രാപൌലീത്തായുടെ അടുക്കൽ അയയ്ക്കുകയും ...* ചെയ്യണമെന്നും ടി. യോഗം നിശ്ചയിച്ചു. മാർ ദീവന്നാസ്യോസ് അഞ്ചാമൻ ഇരിപ്പാടം പോലുമില്ലാതെ ഉഴറിനടക്കുന്ന കാലത്താണ് ഈ നിശ്ചയം ഉണ്ടായത് എന്നുകൂടി ചിന്തിക്കണം.

പിന്നീട് 1889-ലെ റോയൽകോടതി വിധിക്കുതൊട്ടുമുമ്പ് മലങ്കരസഭയിലെ പിളർപ്പ് ഒഴിവാക്കാൻവേണ്ടി തീരുവിതാംകൂർ മഹാരാജാവ് നടത്തിയ അനുരജ്ഞനശ്രമത്തിൽ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് സത്യവിശ്വാസം പാലിക്കുമെന്ന് ഉറപ്പു നൽകിയാൽ താൻ അദ്ദേഹത്തിന് മലങ്കരമെത്രാൻസ്ഥാനം ഒഴിഞ്ഞുകൊടുക്കാമെന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ അറിയിച്ചു. സ്വസ്ഥാനസംരക്ഷണല്ല മറിച്ച്, സഭയുടെ ഐക്യമായിരുന്നു അദ്ദേഹത്തിനു പ്രധാനം.

ഇതേ പാത തന്നെയാണ് പിൻഗാമിയായ പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമനും പിന്തുടർന്നത്. മലങ്കരയുടെ സമഗ്രാധിപത്യത്തിനായി മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ കാലത്ത് അന്ത്യോഖ്യാ പാത്രിയർക്കീസ് ആരംഭിച്ച വടംവലി മാർ ദീവന്നാസ്യോസ് ആറാമന്റെ കാലത്തും രൂക്ഷമായി തുടർന്നു. അദ്ദേഹത്തിന്റെ അകാനോനികമായ മുടക്കിലാണ് ഇത് കൊണ്ടെത്തിച്ചത്. അത്തരമൊരു നടപടി സഭയെ പിളർക്കും എന്ന് വ്യക്തമായി അറിയാമായിരുന്ന പ. മാർ ദീവന്നാസ്യോസ് ആറാമൻ, ... *മറ്റാരും അറിയാതെയും സർവ്വസാക്ഷിയും സർവ്വഹൃദയങ്ങളേയും പരിശോധന ചെയ്യുന്നവനുമാകുന്ന ദൈവം സാക്ഷിയായും ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ എന്റെ അധികാരഭ്രമം കൊണ്ടല്ലന്നും, എന്നെപ്പറ്റിയുള്ള വിരോധമാണന്നിരുന്നാൽ ഞാൻ സർവ്വുമൊഴിഞ്ഞുംവെച്ചുടനെ പിന്മാറാൻ തയാറാണന്നും, സഭയുടെ നന്മയെ ഉദ്ദേശിച്ചു മാത്രമാണ് എന്റെ നിലയെന്നും, അതുകൊണ്ട് സഭയ്ക്ക് നാശം വരത്തക്കവണ്ണം യാതൊന്നും ചെയ്യരുതെന്നും, ഞാൻ പിന്മാറിക്കൊള്ളാമെന്നും ആറു പ്രാവശ്യം കാൽപിടിച്ചുകൊണ്ടു നിലവിളിച്ചു*

*പറഞ്ഞു. ...*

1934-ൽ മാർ ദീവന്നാസ്യോസ് ആറാമൻ കാലം ചെയ്തതിനേത്തുടർന്ന് സമാധാന സംസ്ഥാപന പ്രക്രിയയുടെ ഭാഗമായി, പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബർസോമിനെ സന്ദർശിക്കാൻ അതേവർഷം സിറിയായിലെ ഹോംസിലേയ്ക്കു യാത്രചെയ്തു. സഹയാത്രികനായ ചെറിയമഠത്തിൽ സ്കറിയാ മല്പാന്റെ വാക്കുകളിൽ, ... *വയോവൃദ്ധനായ ബാവാ തിരുമേനി വാർദ്ധക്യത്തെയും വാതരോഗം നിമിത്തമുള്ള ക്ലേശത്തെയും വകവയ്ക്കാതെ ദുർഘടമായ ഈ യാത്രയ്ക്കു കാപ്പുകെട്ടിയത് സമാധാനത്തിന്റെ മനസ്ഥിതി ഒന്നുകൊണ്ടു മാത്രമായിരുന്നു. ...*

യാത്രാരംഭത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ നടത്തിയ പ്രസംഗത്തിൽ തന്റെ മുൻഗാമികൾ ഐക്യം നിലനിർത്താൻ പുലർത്തിയ താഴാഴ്മയാണ് താനും പിന്തുടരുന്നത് എന്നു വ്യക്തമാക്കി. ...*നമ്മുടെ സഭയിൽ സമാധാനമുണ്ടാകുവാൻ നാമെല്ലാം വളരെ ആഗ്രഹിക്കുന്നു. അതിനു വേണ്ടി ഒരു പരിശ്രമം കൂടെ നടത്തുന്നതിന് നാം ശീമയ്ക്കു പോകണമെന്ന് നിങ്ങളിൽ പലരും ആഗ്രഹിക്കയും അങ്ങനെ നമ്മോടപേക്ഷിക്കയും ചെയ്കയാലാണ് നാം ഈ യാത്രയ്ക്ക് ഒരുമ്പെട്ടത്. ആടുകൾക്കുവേണ്ടി കഷ്ടപ്പെടുന്നതിനും പ്രയാസപ്പെടുന്നതിനും ഇടയൻ ഒരുക്കമുള്ളവനായിരിക്കണമല്ലോ? ഈ ബോധ്യവും, സഭയെക്കുറിച്ചുള്ള സ്നേഹവുമാണ് നമ്മെ ഈ യാത്രയ്ക്കു കൂടുതൽ പ്രേരിപ്പിച്ചത്. എങ്ങനെയും സഭയിൽ സമാധാനമുണ്ടാകട്ടെ എന്നാണ് നമ്മുടെ അഭിലാഷം. നമ്മുടെ കാലം ചെയ്ത പിതാവ് സത്യത്തെ എങ്ങനെ അവസാനത്തോളം മുറുകെ പിടിച്ചുവൊ അതുപോലെതന്നെ സത്യത്തോടു ചേർന്നുനിന്നു അതിൽനിന്നകലാതെ പരിശ്രമിക്കണമെന്നാണ് അദ്ദേഹത്തിന്റെ ശിഷ്യന്മാരായ ഞങ്ങളും നിശ്ചയിച്ചിരിക്കുന്നത്. ...* എന്ന് അദ്ദേഹം വ്യക്തമാക്കി.

ഇങ്ങനെയൊക്കെയാണ് പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയന്റെ മുൻഗാമികൾ പ്രവർത്തിച്ചത്. അത്രയുമൊന്നും ഈയൊരു കത്തയച്ചതിലൂടെ പ. പിതാവ് താഴോട്ടിറങ്ങിയില്ലായെന്നു വേണമെങ്കിലും വിമർശിക്കാവുന്ന സാഹചര്യത്തിൽ അതിനെപ്പറ്റി വിപരീതാഭിപ്രായം പറയുന്നത് തികഞ്ഞ ചരിത്രാന്ധതയാണ്. കാരണം, ഈദൃശ്യ നടപടികളൊന്നും അവരുടെ ബലഹീനതയുടെ സൂചകങ്ങളല്ല. സഭയെ ഒരുമിച്ചു നിർത്താൻ നടത്തിയ വ്യക്തിപരമായ ത്യാഗങ്ങളുടെ ബാക്കിപത്രമാണ്.

തത്വങ്ങളെ ബലികഴിച്ചോ മലങ്കരയുടെ സ്വാതന്ത്ര്യം അടിയറവെച്ചോ അല്ല മുകളിൽ പ്രതിപാദിച്ച മലങ്കരസഭാദ്ധ്യക്ഷരാരും ഐക്യത്തിനായി സ്വയം ബലിയാകാൻ സന്നദ്ധരായത്. ഐക്യത്തിനായി മാർത്തോമ്മാ ആറാമൻ എപ്പിസ്ക്കാപ്പാ അന്ത്യോഖ്യൻ മെത്രാന്മാരാൽ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കുയർത്തപ്പെടുവാനും ആ പാരമ്പര്യത്തിൽ *മാർ ദീവന്നാസ്യോസ്* എന്ന സ്ഥാന നാമം സ്വീകരിയ്ക്കുവാനും തയാറായി. അതേസമയംതന്നെ പ്രതിദിനം ഒരു പണം വീതം ചിലവിനുപറ്റി വെറുതെയിരുന്നു കൊള്ളാമെന്നും മലങ്കരസഭാ ഭരണത്തിൽ കൈകടത്തില്ലന്നും പരദേശി മെത്രാന്മാരിൽനിന്നും ഉടമ്പടി എഴുതി വാങ്ങി. ഈ സംവിധാനത്തിൽ അതൃപ്തനായ പരദേശി മെത്രാൻ മാർ ഗ്രീഗോറിയോസ് യൂഹാനോൻ ബദൽ മലങ്കര മെത്രാനായി സൃഷ്ടിച്ച കാട്ടുമങ്ങാട്ടു മാർ കൂറിലോസിനെ തന്റെ അധികാര സീമയിൽനിന്നും തുരത്തുന്നതിലും അദ്ദേഹത്തിൽനിന്നും പട്ടംസ്വീകരിച്ചു സമാന്തര ഭരണത്തിനു കോപ്പുകൂട്ടിയവരെ ഒതുക്കുന്നതിലും വലിയ മാർ ദീവന്നാസ്യോസ് യാതൊരു വിട്ടുവീഴ്ചയും ചെയ്തില്ല.

സഭയിലെ പിളർപ്പ് ഒഴിവാക്കാൻ സ്ഥാനത്യാഗ സന്നദ്ധതവരെ പ്രകടിപ്പിച്ച മാർ ദീവന്നാസ്യോസ് അഞ്ചാമൻ അത് അസാദ്ധ്യമാണന്നു ബോദ്ധ്യപ്പെട്ടതിൽപ്പിന്നെ യാതൊരു വിട്ടുവീഴ്ചയ്ക്കും തയാറായില്ല. കോടതിവഴി ഓരോ പള്ളിയും അന്യകൈവശത്തിലായിരുന്ന മലങ്കര മെത്രാനടുത്ത തന്റെ സ്ഥാന ചിഹ്നങ്ങളും യാതൊരു ദാക്ഷിണ്യവും കൂടാതെ അദ്ദേഹം നടത്തിയെടുത്തു.

അക്ഷരാർത്ഥത്തിൽ *കാലുപിടിച്ച* പ. മാർ ദീവന്നാസ്യോസ് ആറാമനാകട്ടെ സഭയുടെ നിലനിൽപ്പിന് അത്യന്താപേഷിതമായ നിബന്ധനകളോടെയാണ് സ്ഥാനത്യാഗ സന്നദ്ധത പ്രകടിപ്പിച്ചത്. നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെടുന്ന പിൻഗാമിക്കു മാത്രമേ അധികാരം കൈമാറു എന്നദ്ദേഹം വ്യക്തമാക്കിയിരുന്നു. എന്നു മാത്രമല്ല, അകാനോനികവും സ്വാഭാവിക നീതിക്കു നിരക്കാത്തതുമായ മുടക്ക് തന്നെ ബാധിക്കില്ലന്നു പ്രവർത്തിയിലൂടെ അദ്ദേഹം കാണിച്ചുകൊടുത്തു. മുടക്കിനുശേഷം ചുരുങ്ങിയ കാലത്തിനള്ളിൽ കുന്നംകുളംകാരൻ കാക്കു ശെമ്മാശനു കത്തനാരുപട്ടം കൊടുക്കുകയും വികാരിയായി നിയമിക്കുകയുംചെയ്ത് താൻ അപ്പോഴും മേല്പട്ടക്കാരനും മലങ്കര മെത്രാപ്പോലീത്തായുമാണന്നു തെളിയിക്കുകയാണ് അദ്ദേഹം ചെയ്തത്.

സമാധാന ദൗത്യവുമായി ഹോംസ് വരെ ചെന്ന പ. ഗീവർഗീസ് ദ്വിതീയനും യാത്രാരംഭത്തിൽ നൽകിയ ... *സത്യത്തെ അവഗണിച്ചുള്ള യാതൊരു തീരുമാനവും ഉണ്ടാകുന്നതല്ലാ.* ... എന്ന വാഗ്ദാനത്തിൽനിന്നും പിന്നോക്കം പോയില്ല. പുനരായി പട്ടംഏൽക്കുകയോ കുറഞ്ഞത് ഒരു സ്ഥാനക്രമീകരണ ശുശ്രൂഷയെ ങ്കിലും നടത്തുകയോ ചെയ്യണമെന്ന നിബന്ധന അദ്ദേഹം പൂർണ്ണമായും തള്ളിക്കളഞ്ഞു. എന്നു മാത്ര മല്ല, പിന്നീട് 1950-ലെ പരുമല പെരുന്നാളിന് ...*സമാധാനത്തിനു വേണ്ടി എന്തു ത്യാഗവും സഹിക്കാൻ മാത്രമല്ല, സ്ഥാനം പോലും ഒഴിയാൻ നാം തയ്യാറാണ്. ഒരു സംഗതി കൂടി നിങ്ങളുടെ എല്ലാവരുടെയും അറിവിലേക്കായി നാം പ്രസ്താവിച്ചുകൊള്ളുന്നു. പാത്രിക്കീസിന്റെ കീഴിൽ ഒരു ''ഉമ്മാക്കി'' യാണു കാതോ ലിക്കാ എന്നു പലരും തെറ്റിദ്ധരിക്കുന്നു. കിഴക്കിനടുത്ത കാതോലിക്കാസിംഹാസനം പാത്രിക്കീസു സിംഹാസനത്തിനു തുല്യമാണ്. ഒന്ന് ഒന്നിനു മീതെയോ താഴയോ അല്ല. ഇതാണു സത്യം.* ... എന്നു തുറന്നടിച്ചതും അദ്ദേഹം തന്നെയാണ്.

ഈ മുൻഗാമികൾ ഇരുന്ന പ. മാർത്തോമ്മാ ശ്ലീഹായുടെ മലങ്കര മെത്രാപ്പോലീത്തായുടേയും പൗരസ്ത്യ കാതോലിക്കായുടേയും സിംഹാസനത്തിലാണ് പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ ഇന്ന് ഇരിക്കുന്നത്. അവർ നടന്ന പാതയിലൂടെയാണ് അദ്ദേഹം ഇക്കാര്യത്തിൽ നടന്നത്. നടക്കേണ്ടതും. അത് തെറ്റല്ല. അദ്ദേഹത്തിന്റെ മഹത്വം.

സഭാമാദ്ധ്യമങ്ങളുടെ താളുകൾ മുഴുവൻ പ. പിതാവിന്റെ ചിത്രങ്ങളും സ്തുതിവചനങ്ങളും നിറഞ്ഞു നിൽക്കുന്നതിലാണ് അദ്ദേഹത്തിന്റെ മഹത്വം കുടികൊള്ളുന്നത് എന്ന് വിശ്വസിക്കുന്ന അല്പന്മാർ ഇന്നുണ്ട് എന്ന് ഈ ലേഖകനറിയാം. ചിത്രങ്ങളും സ്തുതിവചനങ്ങളുമല്ല മറിച്ച്, ഈദൃശ്യ പ്രവർത്തികളാണ് അദ്ദേഹത്തിന്റെ മഹത്വം നിർണ്ണയിക്കുന്നത്. ... *ആകെയാൽ അവയുടെ ഫലങ്ങളിൽനിന്ന് നിങ്ങൾ അവരെ തിരിച്ചറിഞ്ഞുകൊള്ളണം...* (മത്താ. 7. 20 പ്ശീത്താ) എന്നാണല്ലോ വൃക്ഷങ്ങളേപ്പറ്റിയുള്ള ദൈവവച നവും.

*(മാർത്തോമ്മൻ റ്റി. വി. ഓൺലൈൻ, 27 ഫെബ്രുവരി 2015)*